"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പി.എം.എ.വൈ.(നഗരം) ലൈഫ് -കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് ആകെ 9333.33 ലക്ഷം രൂപ കുടുംബശ്രീ അർബൻ ഹൗസിംഗ് മിഷന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2845/2025/LSGD തീയതി,തിരുവനന്തപുരം, 19-11-2025

---

പരാമർശം:- 1. 29.07.2025 ലെ സ.ഉ (സാധാ) നം.1867/2025/തസ്വഭ

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 26.08.2025 ലെ 9158/N/2025/KSHO നമ്പർ കത്ത്

3. 11.11.2025 ലെ സ.ഉ (സാധാ) നം.9154/2025/ധന

**ഉത്തരവ്**

പി.എം.എ.വൈ. (നഗരം) ലൈഫ് പദ്ധതിയിൽ അംഗീകാരം നൽകിയ ഗുണഭോക്താക്കളിൽ പി.എം.എ.വൈ. (നഗരം) ലൈഫ് എം.ഐ.എസ്. ൽ അറ്റാച്ച് ചെയ്ത ഗുണഭോക്താക്കൾക്കുള്ള കേന്ദ്ര വിഹിതമായി ലഭിക്കേണ്ട 7000 ലക്ഷം രൂപ മദർ സാങ്ഷൻ വഴി കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം അനുവദിച്ചിരുന്നു. പി.എം.എ.വൈ.(യു) നഗരം ലൈഫ് പദ്ധതിയ്ക്കായി സംസ്ഥാന ബജറ്റിൽ 12,000 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ 6965.21 ലക്ഷം രൂപ പരാമർശം 1 പ്രകാരം അനുവദിച്ചിരുന്നു. കേന്ദ്ര വിഹിതമായി ലഭ്യമായ 7000 ലക്ഷം രൂപയും ആനുപാതിക സംസ്ഥാന വിഹിതമായ 2333.33 ലക്ഷം രൂപയും ചേർത്ത് ആകെ 9333.33 ലക്ഷം രൂപ അനുവദിക്കുന്നതിനായി, സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ളതിൽ ബാക്കി നിൽക്കുന്ന 5034.79 ലക്ഷം രൂപ കൂടാതെ 4298.54 ലക്ഷം രൂപ കൂടി അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിക്കുന്നതിന് പരാമർശം 2 പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. ടി തുക പരാമർശം 3 പ്രകാരം അധികധനാനുമതി വഴി ധനകാര്യ വകുപ്പ് അനുവദിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ.(നഗരം) ലൈഫ് കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് കേന്ദ്ര വിഹിതമായി ലഭ്യമായ

7000 ലക്ഷം രൂപയും ആനുപാതിക സംസ്ഥാന വിഹിതമായ 2333.33 ലക്ഷം രൂപയും ചേർത്ത് ആകെ 9333.33 ലക്ഷം രൂപ ചുവടെ ചേർക്കും പ്രകാരം നഗരകാര്യ വകുപ്പ് മുഖാന്തരം കുടുംബശ്രീ അർബൻ ഹൗസിംഗ് മിഷന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ഘടകം | അക്കൗണ്ട് ശീർഷകം | ആകെ അനുവദിക്കേണ്ട കേന്ദ്ര സംസ്ഥാനവിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | General കോർപ്പറേഷൻ | 2217-05-191-48-17 | 1969.73 |
| 2 | SC കോർപ്പറേഷൻ | 2217-05-191-48-19 | 783.00 |
| 3 | ST കോർപ്പറേഷൻ | 2217-05-191-48-21 | 50.00 |
| 4 | General മുനിസിപ്പാലിറ്റി | 2217-05-192-48-16 | 4927.60 |
| 5 | SC മുനിസിപ്പാലിറ്റി | 2217-05-192-48-18 | 1286.00 |
| 6 | ST മുനിസിപ്പാലിറ്റി | 2217-05-192-48-20 | 317.00 |
| | | **ആകെ** | **9333.33** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്( 12.11.2025 ലെ WCD-3/256/2025-FIN നം. അനൗദ്യോഗിക കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 19-11-2025 15:03:50

സെക്ഷൻ ഓഫീസർ